<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3957 | 11.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സഹായം** | |
| ചോദ്യം | മറുപടി |
| **ശ്രീമതി.പി. അയിഷാ പോറ്റി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>,, ബി.സത്യൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഈ സർക്കാർ ആശ്വാസനിധി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനായി ആശ്വാസനിധി പദ്ധതി നടപ്പിലാക്കി വരുന്നു. 18.10.2019 വരെ 52 പേർക്ക് ആശ്വാസനിധി പദ്ധതിയിലുൾപ്പെടുത്തി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആരോഗ്യ, നിയമസേവനങ്ങളും പോലീസ് സംരക്ഷണവും ഉൾപ്പെടെയുള്ള സാമ്പത്തികേതര സഹായങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തി-യിട്ടുണ്ടെന്ന് അറിയിക്കാമോ; | ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് "സഖി" വൺ സ്റ്റോപ്പ് സെന്റർ. കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വനിത ശിശു വികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ |

| | |
|---|---|
| | ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. കേരളത്തിൽ 14 ജില്ലകളിലും വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തനക്ഷമമാണ്. |
| സി) സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നിർഭയ സെൽ ഇക്കാര്യത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ? | സി) കേരള സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി വരുന്ന നിർഭയ പോളിസിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർഭയസെൽ വഴി നടപ്പിലാക്കി വരുന്നു.<br>1. വനിത ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം -3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു.<br>2. 12 വയസ്സിനു താഴെയുള്ള ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16.11.18 ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ SOS ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കുന്നു.<br>3. കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിച്ചു വരുന്ന വൺസ്റ്റോപ്പ് സെന്ററുകളുടെ നോഡൽ |

| | |
|---|---|
| | ഏജൻസിയായി നിർഭയ സെൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ വനിതകളുടെയും കുട്ടികളുടെയും ഹോമുകളുടെയും എസ്.ഒ.എസ് മോഡൽ ഹോമിന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവയും നടപ്പിലാക്കിവരുന്നു. |

Suni

സെക്ഷൻ ഓഫീസർ